ENTRI

Trusted by 1 crore students

# CURRENT AFFAIRS

09 FEB 2024

- **കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ തൃശൂരിൽ നടക്കുന്ന പതിനാലാമത് അന്താരാഷ്ട്ര നാടകോത്സവം**

  ഇറ്റ്ഫോക് 2024
  - 'ഒരുമ, സമാധാനം, ദൃഢവിശ്വാസം' എന്നതാണ് നാടകോത്സവത്തിന്റെ ആശയം.

---



- **1896 മുതലുള്ള സ്കൂൾ പാഠപുസ്തകങ്ങൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈനായി ലഭ്യമാക്കുന്ന സംസ്ഥാനം**

  കേരളം

---

- **ഇന്ത്യൻ വ്യോമസേനയുടെ സൈനികാഭ്യാസമായ 'വായുശക്തി 2024' ന്റെ വേദി**

  പൊഖ്റാൻ , രാജസ്ഥാൻ

---

- **സഞ്ചാരികൾ കണ്ടിരിക്കേണ്ട ലോകത്തെ ഏറ്റവും മനോഹരമായ 100 ബീച്ചുകളിൽ ഒന്നായി ലോൺലി പ്ലാനറ്റിന്റെ ബീച്ച് ഗൈഡ് ബുക്ക് തിരഞ്ഞെടുത്ത കേരളത്തിലെ ബീച്ച്**

  പാപനാശം , വർക്കല
  - ഗോവയിലെ പലോലം, അന്തമാനിലെ സ്വരാജ് ബീച്ച് എന്നിവയാണ് പട്ടികയിൽ ഇടംപിടിച്ച മറ്റു ഇന്ത്യൻ ബീച്ചുകൾ.

---

- **കുടുംബശ്രീയുടെ ആദ്യ പ്രീമിയം കഫേ പ്രവർത്തനം ആരംഭിച്ചത്**

  അങ്കമാലി , എറണാകുളം

---

- **വൃത്തിയുള്ള ബീച്ചുകൾക്ക് ലഭിക്കുന്ന ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കറ്റ് 2024 ൽ ലഭിച്ച കോഴിക്കോടുള്ള ബീച്ച്**

  കാപ്പാട് ബീച്ച്
  - പരിസ്ഥിതി സൗഹൃദ ബീച്ചുകൾക്ക് ഇന്റർനാഷണൽ ഫൗണ്ടേഷൻ ഫോർ എൻവയൺമെന്റ് എജുക്കേഷൻ നൽകുന്ന ഇക്കോ ലേബൽ ബ്ലൂഫ്ളാഗ് സർട്ടിഫിക്കറ്റാണ് കാപ്പാടിന് ലഭിച്ചത്.

---

- **ചെടിയിൽനിന്ന് പുതുമണ്ണിന്റെ മണമുള്ള അത്തർ (മിട്ടി കാ അത്തർ) വികസിപ്പിച്ച കേരളത്തിലെ ഗവേഷണസ്ഥാപനം**

  ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ, പാലോട്